**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1556** **01-02-2024 - ൽ മറുപടിയ്ക്ക്**

**മണക്കാട്, തൃക്കടീരി പഞ്ചായത്ത് നിവാസികളുടെ പട്ടയപ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ മണക്കാട്, തൃക്കടീരി പഞ്ചായത്തിലെ 6,7 വാർഡുകളിലും കീഴ്പാടം കോളനി പ്രദേശത്തും വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ 2 വില്ലേജിൽ ഉൾപ്പെടുന്ന മണക്കാട്ടു പ്രദേശത്തും തൃക്കടീരി 1, തൃക്കടീരി 2 വില്ലേജുകൾ ഉൾപ്പെടുന്ന തൃക്കടീരി പഞ്ചായത്തിലെ 6, 7 വാർഡുകളിലും കീഴ്പ്പാടം കോളനി പ്രദേശത്തും താമസിക്കുന്നവരിൽ നിന്നും നിലവിൽ പട്ടയം അനുവദിക്കുന്നതിനുള്ള അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. വിഷയം പരിശോധിച്ച് ഇത്തരം കേസുകൾ കണ്ടെത്തുന്ന പക്ഷം ആയത് പട്ടയമിഷനിൽ ഉൾപ്പെടുത്തി പട്ടയം അനുവദിക്കുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ